## കണ്ണൂർ സർവ്വകലാശാല
## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ, തീയതി 19.08.2026

**പ്രസിദ്ധീകരണത്തിന്**

**പുനർമൂല്യനിർണയ ഫലം**

ഒന്നാം സെമസ്റ്റർ എൽ.എൽ.ബി (3 വർഷം) ഡിഗ്രി നവംബർ 2025, മൂന്നാം സെമസ്റ്റർ ബി.എ എൽ.എൽ.ബി(അഞ്ച് വർഷ ഇന്റഗ്രേറ്റഡ്)ഡിഗ്രി നവംബർ 2025 പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു.

**ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ**

2026 ഏപ്രിൽ മാസം വിജയകരമായി ബിരുദം പൂർത്തിയാക്കിയ (2023 അഡ്മിഷൻ) പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റിന് 2026 ആഗസ്റ്റ് 20 മുതൽ അപേക്ഷിക്കാവുന്നതാണ് .

റീവാല്യവേഷൻ/ ഇംപ്രൂവ് മെൻറ്/ സപ്ലിമെൻററി എന്നിവയ്ക്ക് അപേക്ഷിച്ചവർ പ്രസ്തുത റിസൾട്ട് വന്നതിന് ശേഷം ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ പുതുക്കി വാങ്ങിയതിനുശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ് . അപേക്ഷ സമർപ്പിക്കുമ്പോൾ ഒറിജിനൽ ഗ്രേഡ് കാർഡ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന പകർപ്പ് സ്വീകാര്യമല്ല.

മുൻവർഷങ്ങളിൽ പ്രവേശനം നേടുകയും 2026 ഏപ്രിലിൽ ബിരുദം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തവർക്ക് അതാത് വർഷത്തെ(അഡ്മിഷൻ വർഷം) ലിങ്കിൽ പ്രവേശിച്ച് അപേക്ഷിക്കാവുന്നതാണ്.

എ.ബി.സി ഐ.ഡി ഇതുവരെ തയ്യാറാക്കാത്ത വിദ്യാർഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് മുൻപായി അവരുടെ എ.ബി.സി ഐ.ഡി തയ്യാറാക്കി അവ അപേക്ഷയിലെ നിർദിഷ്ട കോളത്തിൽ ചേർക്കുകയും വേണം.

സർവ്വകലാശാല വെബ്സൈറ്റിൽ സർട്ടിഫിക്കറ്റ് പോർട്ടലിൽ കൊടുത്ത നിർദേശങ്ങൾ പൂർണമായും വായിച്ച് മനസിലാക്കിയ ശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ഒപ്പ്**

അസിസ്റ്റന്റ് രജിസ്ട്രാർ।

പരീക്ഷാ വിഭാഗം